(ബി) കേന്ദ്രഗവൺമെന്റ് സ്കീമുകൾക്കുള്ള ഫണ്ട് ശരിയായ രീതിയിൽ ചെലവഴിച്ചിട്ടിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ: ഇല്ലെങ്കിൽ തുടർന്നുള്ള ഗഡുക്കൾ ലഭിക്കാനിടയുണ്ടോ;

(സി) യഥാസമയം നടപ്പിലാക്കിയിട്ടില്ല എന്ന കാരണത്താൽ ഏതെങ്കിലും പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ചിരുന്ന ഫണ്ട് തിരികെ നൽകേണ്ടതായി വന്നിട്ടുണ്ടോ ; എങ്കിൽ അവ ഏതെല്ലാം എന്ന് വകുപ്പ് തിരിച്ച് വെളിപ്പെടുത്താമോ;

(ഡി) കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ഓരോ വർഷവും ഏതെല്ലാം വകുപ്പുകൾ, കേന്ദ്ര സ്കീമുകൾ പ്രകാരമുള്ള തുക ലാപ്സാക്കുകയുണ്ടായിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കേന്ദ്ര സർക്കാരിനോട് കേരളം ഉന്നയിച്ച ആവശ്യങ്ങൾ

65 (3169) ശ്രീ. എം. എ. ബേബി :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. ദാസൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രബഡ്ജറ്റിന് മുന്നോടിയായി കേന്ദ്രസർക്കാർ വിളിച്ചുചേർത്ത സംസ്ഥാന ധനകാര്യമന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാനം ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കാമോ;

(ബി) കേന്ദ്ര സർക്കാർ നേരത്തെ പ്രഖ്യാപിച്ചിരുന്നതും ഇതുവരെ നടപ്പിലാക്കിയിട്ടില്ലാത്തതുമായ പദ്ധതികൾ നടപ്പിലാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; അവ ഏതൊക്കെയായിരുന്നു;

(സി) സംസ്ഥാനം ഇന്ന് പ്രധാനമായും നേരിടുന്ന എന്തെല്ലാം പ്രശ്നങ്ങൾ പ്രസ്തുത യോഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി എന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രശ്നങ്ങളിൽ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുള്ള പ്രതികരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്ത് നിന്നും ആരെല്ലാം പ്രസ്തുത യോഗത്തിൽ പങ്കെടുക്കുകയുണ്ടായി; ക്ഷണിക്കപ്പെട്ടിരുന്നവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ - ഇ) 2016-17 കേന്ദ്രബഡ്ജറ്റിന് മുന്നോടിയായി കേന്ദ്ര സർക്കാർ വിളിച്ചുചേർത്ത സംസ്ഥാന ധനകാര്യമന്ത്രിമാരുടെ യോഗത്തിൽ മുഖ്യമന്ത്രിക്ക് നേരിട്ട് പങ്കെടുക്കുവാൻ സാധിക്കാത്തതിനാൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. അലോക് ഷീൽ കേരളത്തിന്റെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള വിശദമായ മെമ്മോറാണ്ടം പ്രസ്തുത യോഗത്തിൽ സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനം ഇപ്പോൾ നേരിടുന്ന സുപ്രധാന വിഷയമായ റബ്ബറിന്റെ വിലയിടിവ് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ, ക്ഷീര കർഷക സഹകരണ സംഘങ്ങളെ വരുമാന നികുതിയുടെ പരിധിയിൽനിന്ന് ഒഴിവാക്കുക, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രതയ്ക്ക് വേണ്ടി ഇൻകം ടാക്സ് ആക്ടിന്റെ ബന്ധപ്പെട്ട സെക്ഷനുകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുക തുടങ്ങിയവയാണ് ധനമന്ത്രിമാരുടെ യോഗത്തിൽ സമർപ്പിച്ച നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ടവ. കൂടാതെ കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കുന്നതിനായി സംസ്ഥാന സർക്കാർ വിവിധ വകുപ്പുകൾ മുഖാന്തരം കേന്ദ്രസർക്കാരിന് സമർപ്പിച്ച പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു. സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി മുഖ്യമന്ത്രിയും മറ്റ് സംസ്ഥാന മന്ത്രിമാരും പ്രധാനമന്ത്രിയെയും കേന്ദ്ര ധനകാര്യമന്ത്രിയെയും മറ്റ് മന്ത്രിമാരെയും നേരിട്ടുകണ്ടും കത്തിലൂടെയും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരുന്നുണ്ട്. ഇവയ്ക്കെല്ലാം അനുകൂലമായ പ്രതികരണമാണ് കേന്ദ്ര മന്ത്രിമാരിൽനിന്നും ലഭിച്ചിട്ടുള്ളത്. ഇവയ്ക്കായി അനുകൂലമായ നിർദ്ദേശങ്ങൾ കേന്ദ്ര ബഡ്ജറ്റിൽ പ്രതിഫലിക്കും എന്ന് പ്രതീക്ഷിക്കുന്നു.

സേവനാവകാശ നിയമം

66 (3170) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. റ്റി. ബൽറാം* :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറികളിൽ സേവനാവകാശ നിയമം നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.